# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1877    16.06.2014-ൽ മറുപടിയ്ക്ക്**

**ഭൂമി തട്ടിപ്പ് കേസുകളുടെ അന്വേഷണം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ<br>ശ്രീ. ബി. സത്യൻ<br>ശ്രീ. എം. ഹംസ | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |

എ) കടകംപള്ളിയിലേയും ഇടപ്പള്ളി പത്തടിപ്പാലത്തേയും ഭൂമി തട്ടിപ്പ് കേസുകളുടെ അന്വേഷണം സി.ബി.ഐ. ഏറ്റെടുത്തിട്ടുണ്ടോ ;

(എ) ഭൂമി തട്ടിപ്പ് കേസുകളുടെ അന്വേഷണം സി.ബി.ഐ. ഏറ്റെടുത്തിട്ടുണ്ട്.

ബി) ഇതു സംബന്ധിച്ച് ഹൈക്കോടതിയുടെ വിധി സർക്കാരിന് ലഭിച്ചിട്ടുണ്ടോ ; കോടതി നടത്തിയ നിരീക്ഷണങ്ങൾ വിശദമാക്കുമോ;

(ബി) ഭൂമിതട്ടിപ്പ് കേസുകളിൽ കോടികളുടെ ഇടപാട് നടന്നിട്ടുള്ളതായി സംശയിക്കുന്നതിനാലും ഇതുവരെ നടന്ന അന്വേഷണത്തിൽ ആക്ഷേപം ഉള്ളതിനാലും പ്രഥമദൃഷ്ട്യാ ഉന്നത ഉദ്യോഗസ്ഥർ ഉൾപ്പെട്ട കേസുകളായതിനാലും സമഗ്രമായ അന്വേഷണം അനിവാര്യമാണെന്ന് അഭിപ്രായപ്പെട്ടുകൊണ്ടാണ് കോടതി സി.ബി.ഐ. അന്വേഷണത്തിന് ഉത്തരവിട്ടിരിക്കുന്നത്. കൂടാതെ സംസ്ഥാന സർക്കാർ സി.ബി.ഐ. അന്വേഷണത്തെ എതിർത്തിട്ടില്ലെന്നും ഉത്തരവിൽ ബഹു. ഹൈക്കോടതി നിരീക്ഷിച്ചിട്ടുണ്ട്.

സി) വിധിയിൽ മുഖ്യമന്ത്രിയേയും ഓഫീസിനേയും കുറിച്ച് നടത്തിയ വിമർശനങ്ങൾ എന്തായിരുന്നു; വിധി പകർപ്പ് ഉദ്ധരിച്ച് വിശദീകരിക്കുമോ ;

(സി) ബഹു. ഹൈക്കോടതി സിംഗിൾ ബെഞ്ചിന്റെ വിധിന്യായത്തിൽ 130-ാം പേജിലെ രണ്ട് വാചകങ്ങളിലാണ് മുഖ്യമന്ത്രിയേയും ഓഫീസിനെയും സംബന്ധിച്ചുള്ള വിമർശനം ഉള്ളത്. പ്രസ്തുത വിമർശനം ചുവടെ ചേർത്തിരിക്കുന്നു.

"The above incidents have raised serious questions on the functioning of the Chief Minister's Office which the Chief Minister is answerable to the State. Prima facie evidence of the persence of unscrupulous elements among the personal staff in the Chief Minister's Office and the associated criminal activities in these cases call for the thorough and independent investigation into the crime and the associated activities involving personal staff in the Chief Minister's Office."

| | |
|---|---|
| ഡി) സലീംരാജ് ഭൂമി തട്ടിപ്പുകൾ നടത്തിയത്, മുഖ്യമന്ത്രിയുടെ ഗൺമാൻ എന്ന നിലയിലുള്ള സ്വാധീനം ഉപയോഗിച്ച് കൊണ്ടാണെന്ന് കോടതി കണ്ടെത്തിയിട്ടുണ്ടോ; മുഖ്യമന്ത്രിയുടെ ഉത്തരവാദിത്തം സംബന്ധിച്ച കോടതി വിധിയിലെ പരാമർശം എന്തായിരുന്നു; | (ഡി) സലീംരാജ് ഭൂമിതട്ടിപ്പുകൾ നടത്തിയത്, മുഖ്യമന്ത്രിയുടെ ഗൺമാൻ എന്ന നിലയിലുള്ള സ്വാധീനം ഉപയോഗിച്ച് കൊണ്ടാണെന്ന് കോടതി കണ്ടെത്തിയിട്ടില്ല. മുഖ്യമന്ത്രിയുടെ ഉത്തരവാദിത്തം സംബന്ധിച്ച് പരാമർശം മേല്പറഞ്ഞ രണ്ട് വാചകങ്ങളിലൊതുങ്ങുന്നു. |
| ഇ) വിജിലൻസ് അന്വേഷണം തൃപ്തികരമല്ലെന്നും സംസ്ഥാന സർക്കാരിന്റെ ഏത് ഏജൻസി അന്വേഷിച്ചാലും നീതി ലഭിക്കില്ലെന്നും കോടതിയെ സമീപിച്ച പരാതിക്കാരൻ ആക്ഷേപം ഉന്നയിച്ചിരുന്നുവോ; പരാതിക്കാരുടെ ഉടമസ്ഥതയിലുള്ള ഭൂമി തട്ടിയെടുക്കാൻ റവന്യൂ വകുപ്പിലെ ഉന്നതരുമായി ചേർന്ന് ഗൂഢാലോചന നടത്തിയതായി പറയപ്പെടുന്ന ഉന്നതർ ആരൊക്കെയായിരുന്നു; | (ഇ) വിജിലൻസ് അന്വേഷണം തൃപ്തികരമല്ലെന്ന് പരാതിക്കാർ ആക്ഷേപം ഉന്നയിച്ചിട്ടില്ല. എന്നാൽ സംസ്ഥാന പോലീസിന്റെ അന്വേഷണത്തെ സംബന്ധിച്ച് പരാതിക്കാർ ആക്ഷേപം ഉന്നയിച്ചിട്ടുണ്ട്. ലാന്റ് റവന്യൂ കമ്മീഷണർ, അസിസ്റ്റന്റ് ലാന്റ് റവന്യൂ കമ്മീഷണർ, രണ്ട് അഡീഷണൽ തഹസിൽദാർമാർ, തുടങ്ങിയവർക്ക് ഭൂമി തട്ടിപ്പ് ഗൂഢാലോചനയുമായി ബന്ധമുണ്ടെന്ന് പരാതിക്കാർ ആക്ഷേപം ഉന്നയിച്ചിട്ടുണ്ട്. |
| എഫ്) ഹൈക്കോടതി വിധി പൂർണ്ണമായും സ്റ്റേ ചെയ്യാൻ സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ടായിരുന്നുവോ ; താൽക്കാലികമായി സ്റ്റേ ചെയ്ത രണ്ട് വാചകങ്ങൾ എന്താണെന്ന് അറിയിക്കുമോ? | (എഫ്) ഹൈക്കോടതി വിധി പൂർണ്ണമായും സ്റ്റേ ചെയ്യാൻ സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടില്ല. ഹൈക്കോടതി ഡിവിഷൻ ബഞ്ച് സ്റ്റേ ചെയ്ത രണ്ട് വാചകങ്ങൾ ചുവടെ ചേർക്കുന്നു.<br><br>"The above incidents have raised serious questions on the functioning of the Chief Minister's Office for which the Chief Minister is answerable to the State. Prima facie evidence of the persence of unscrupulous elements among the personal staff in the Chief Minister's Office and the associated criminal activities in these cases call for the thorough and independent investigation into the crime and the associated activities involving personal staff in the Chief Minister's Office." |

സെക്ഷൻ ഓഫീസർ